# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

---

**മണാശ്ശേരി – കൂളിമാട് റോഡ് വികസനത്തിന് വേണ്ടി**
**കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിലെ പൂളക്കോട്**
**വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ**

---

# അന്തിമ രേഖ

**കോഴിക്കോട് ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

| ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ | അർത്ഥനാധികാരി |
|---|---|
| സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് | പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ), കോഴിക്കോട് |


**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്**

**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**കളമശേരി, രാജഗിരി.പി.ഒ, പിൻ: 683 104**
**എറണാകുളം ജില്ല**
**ഫോൺ: 0484 2911332/2550785**
**rajagirisia@gmail.com**
**https://rajagiri.edu**


**16 ആഗസ്റ്റ് 2025**

**ഉള്ളടക്കം**

**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിന്റെ യുക്തിയും, പഠനത്തിനു വേണ്ട വിവര ശേഖരണം നടത്തിയ രീതിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പരകക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിന്റെ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിന്റെയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിന്റെ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിന്റേത് മാത്രമല്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിന്റെ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിന്റെ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിന്റെയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ അളവും പ്രദേശവും

4.7. ആഘാതബാധിതഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1. പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10. സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം.

**അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1. സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങ ളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.5.1. പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസ രംഗത്ത് തനത് മുദ്രപതിപ്പിച്ചിട്ടുള്ള, എറണാകുളം ജില്ലയിലെ കളമശേരിയിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം, സാമൂഹ്യ സേവന പ്രവർത്തനങ്ങളും, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങളും, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും ചെയ്തു വരുന്നു. RFCTLARR ACT-2013 അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിന്റെ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

2025 മാർച്ച് 12 തീയതിയിലെ നമ്പർ 944, വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കോഴിക്കോട് ജില്ല കലക്ടറുടെ വിജ്ഞാപനം നമ്പർ DCKKD/10704/2024-B3 പ്രകാരം **മണാശ്ശേരി–കൂളിമാട് റോഡിന്റെ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡിന്റെ വികസന പദ്ധതിക്ക്** വേണ്ടി കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിന്റെ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ന്റെ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും (അദ്ധ്യായം:7) ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. (ഫാ) സാജു എം.ഡി**
പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)

# അദ്ധ്യായം 1
# പഠനത്തിൻെറ സംക്ഷിപ്ത രൂപം

### 1.1. പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അനുബന്ധ സൗകര്യങ്ങളുടെ വികസനത്തെ ആശ്രയിച്ചിരിക്കുന്നു. ഗതാഗതം, ഊർജം, ആശയവിനിമയ സംവിധാനം തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നവീകൃതമാക്കുന്നതിലൂടെ ജീവിതനിലവാരത്തെ പ്രത്യക്ഷമായി ബാധിക്കുന്ന വിദ്യാഭ്യാസം, ആരോഗ്യം, എന്നിവ ഉൾപ്പടെയുള്ള സാമൂഹിക അനുബന്ധ സൗകര്യങ്ങളുടെ വികസനത്തിന് വഴിതെളിയും. ജനങ്ങളുടെയും ചരക്കുകളുടെയും ഗതാഗതത്തിന് അനുയോജ്യമായ അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിരിക്കുക എന്നത് സാമ്പത്തിക വ്യവസ്ഥയുടെ സുസ്ഥിര വികസനത്തിന് ഒരു മുൻ ഉപാധിയാണ്. ആയതിനാൽ കാര്യക്ഷമമായ റോഡ് സൗകര്യം ഉണ്ടായിരിക്കുക എന്നത് രാജ്യത്തിൻെറ വികസനത്തിന് അത്യന്താപേക്ഷിതമാണ്.

കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന റോഡാണ് മണാശ്ശേരി – കൂളിമാട് റോഡ്. മണാശ്ശേരി, കോഴിക്കോട് – മുക്കം റോഡിലേയും, കൂളിമാട്, മെഡിക്കൽ കോളേജ് – അരീക്കോട് റോഡിലേയും പ്രധാന ജംഗ്ഷനുകളാണ്. കൂളിമാട് ജംഗ്ഷൻ ചാലിയാർ നദിക്ക് സമീപമാണ് സ്ഥിതി ചെയ്യുന്നത്. 25 കോടി ബഡ്ജറ്റിൽ നിർമ്മിക്കുന്ന കൂളിമാട് പാലം മലപ്പുറം – കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു എളുപ്പവഴിയാണ്. കൂളിമാട് പാലത്തിൻെറ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ, വയനാട് ജില്ലയിൽ നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമെല്ലാം കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പമാർഗ്ഗം എന്നുള്ളതിനാൽ തന്നെ മണാശ്ശേരി–കൂളിമാട് റോഡിൽ വലിയ തോതിലുള്ള ഗതാഗതം ഉണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്. ഈ റൂട്ടിൽ കച്ചവടം, കാർഷികം, വിനോദ സഞ്ചാരം, തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള വാണിജ്യ, യാത്രാ വാഹനങ്ങളുടെ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നു. അതിനാൽ തന്നെ മണാശ്ശേരി–കൂളിമാട് റോഡ് രണ്ട് വർഷത്തിനുള്ളിൽ ഒരു പ്രധാന ജില്ലാ റോഡായി മാറും. ഈ റോഡിൻെറ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാന ഗവണ്മെൻറ് മണാശ്ശേരി മുതൽ പുൽപ്പറമ്പ് വരെയുള്ള സ്ട്രെച്ചിൻെറ നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി നൽകി. നിലവിൽ അതിൻെറ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മണാശ്ശേരി – കൂളിമാട്

റോഡിൻെറ ബാക്കി വരുന്ന പുൽപ്പറമ്പ് മുതൽ കൂളിമാട് വരെയുള്ള (Km 3/300 – 5/967) റോഡിന് 400 ലക്ഷം രൂപയുടെ ബഡ്ജറ്റിൽ അനുമതി നൽകുകയും, ചെയ്നേജ് 5/537 വരെയുള്ള ഭാഗം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ചെയ്നേജ് 5/537 ന് ശേഷമുള്ള ഭാഗം വെള്ളക്കെട്ടുള്ള ചതുപ്പ് നിലമായതിനാൽ ആ പദ്ധതിയിൽ പൂർത്തികരിക്കാൻ കഴിഞ്ഞില്ല. അതിനാൽ, 5.967 കിലോമീറ്റർ നീളമുള്ള മണാശ്ശേരി–കൂളിമാട് റോഡിൻെറ പൂർത്തികരിക്കാത്ത ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ ഭാഗത്തിൻെറ വികസനമാണ് നിലവിലെ പദ്ധതി.

പദ്ധതിക്കായി പൂളക്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.5322 ഹെക്ടർ ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ വയനാട് ജില്ലയിൽ നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമെല്ലാം കോഴിക്കോട് വിമാനതാവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പമാർഗ്ഗം എന്നുള്ളതിനാൽ യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ, കൂളിമാട് പ്രദേശം മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം റോഡ് വെള്ളത്തിൽ മുങ്ങി പ്രദേശവാസികൾ ഒറ്റപ്പെടുന്ന സാഹചര്യം പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി ഇല്ലാതാവുകയും പ്രദേശത്തിൻെറ സമഗ്ര വികസനത്തിനു കാരണമാകുകയും ചെയ്യും.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)b പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ റോഡ് വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമി കോഴിക്കോട് താലൂക്കിലെ പൂളക്കോട് വില്ലേജിൽ പാഴൂർ ദേശത്തിൽ സ്ഥിതി ചെയ്യുന്നു. കോഴിക്കോട് സിറ്റിയിൽ നിന്നും ഏകദേശം 25 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥലം പ്രധാനമായും നെല്ല്, വാഴ കൃഷി എന്നിവക്ക് ഉപയോഗിച്ചു വരുന്നു. ചാത്തമംഗലം പഞ്ചായത്തിലെ വാർഡ് 10 ൽ ഉൾപ്പെടുന്ന പദ്ധതി പ്രദേശം വെള്ളക്കെട്ടുള്ളതും, മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം ഒറ്റപ്പെടുന്ന സാഹചര്യം ഉണ്ടാകാറുള്ളതുമാണ്. മഴക്കാലത്ത് ചാലിയാറിൽ നിന്നും ഇരുവഴിഞ്ഞിപ്പുഴയിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ് പ്രദേശത്തെ വെള്ളപ്പൊക്കത്തിന് കാരണമാകുന്നത്.

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

2024 ജൂലൈ 31 തിയ്യതിയിലെ റവന്യു (ബി) വകുപ്പിൻെറ ഉത്തരവ് Go (Rt) No. 1804/2024/RD പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് മണാശ്ശേരി–കൂളിമാട് റോഡിൻെറ, ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള ഭാഗത്തിൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഉത്തരവിൽ ചേർത്തിരിക്കുന്ന സ്ഥല വിവരങ്ങൾ പട്ടിക 1.3.1 ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

ജില്ല: കോഴിക്കോട് താലൂക്ക് : കോഴിക്കോട് ദേശം : പാഴൂർ

| **വില്ലേജ്** | **സർവ്വെ നമ്പർ** | **എറ്റെടുക്കുന്ന സ്ഥലത്തിൻെറ ഏകദേശ വിസ്തീർണം** (ഹെക്ടർ) |
|---|---|---|
| പൂളക്കോട് | 32/1, 32/2, 50/2, 50/4, 50/6, 50/8, 50/9, 50/10, 50/11, 50/17, 50/18, 50/19, 52/1 | 0.5322 |
| **ആകെ** | | 0.5322 |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിലവിലുള്ള റോഡ് വീതി കൂട്ടി ഉയർത്തി വികസിപ്പിക്കുക എന്നതാണ് പദ്ധതി. നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാൽ കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുന്നത്. അതിനാൽ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പഠന സംഘം വിലയിരുത്തുന്നു.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

മണാശ്ശേരി–കൂളിമാട് റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിലൂടെ വയനാട് ജില്ലയിൽ നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമെല്ലാം കൂളിമാട് പാലത്തിലൂടെ മണാശ്ശേരി–കൂളിമാട് റോഡ് വഴി കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്ക് എളുപ്പത്തിൽ പോകാൻ സാധിക്കുന്നു എന്നുള്ളതി

നാൽ തന്നെ യാത്രക്കാരുടെ യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും റോഡ് യാത്രികരുടെ സുരക്ഷാസാധ്യതകൾ മെച്ചപ്പെടുകയും ചെയ്യും. കൂടാതെ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴിതെളിക്കുകയും ചെയ്യും. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസി ലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പൂളക്കോട് വില്ലേജിലെ പാഴൂർ ദേശത്തെ സ്ഥലങ്ങളുടെ ഉടമകളായ 20 ഭൂവുടമകളെ യാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി പഠനം നടത്തിയത്. ഏറ്റെടുക്കപ്പെടുന്ന പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ച് നിരീക്ഷിച്ചതിന്റെയും പദ്ധതി ബാധിത കുടുംബങ്ങളിൽ നടത്തിയ സർവ്വെയുടെയും വെളിച്ചത്തിൽ പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖപ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ സാമൂഹ്യ പ്രത്യാഘാതങ്ങൾ തുടർന്ന് വിലയിരുത്തുന്നു.

***പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ***

| *ക്രമ നമ്പർ* | *പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ* | *കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/അളവ് കുറയൽ | 20 ഭൂവുടമകൾ | 20 ഭൂവുടമകൾക്ക് കൈവശ ഭൂമിയുടെ അളവ് കുറയും/പൂർണ്ണമായി നഷ്ടപ്പെടും. |
| 2 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ /മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | 4 ഭൂവുടമകൾ | 1 ഭൂവുടമയുടെ ടൈൽസ് ഷോപ്പും, അതിന് മുകളിൽ അക്ഷര വായനശാലയുടെ പേരിലുള്ള മുറിയും ഉൾപ്പെടെ രണ്ട് നില കെട്ടിടം പൂർണ്ണമായി നഷ്ടപ്പെടും.<br>3 ഭൂവുടമകൾക്ക് തങ്ങളുടെ സ്ഥലത്തേക്കുണ്ടായിരുന്ന റാമ്പ് / കല്ല് കൊണ്ട് കെട്ടിയ അതിർത്തി നഷ്ടപ്പെടുന്നു. |

| | | | |
|---|---|---|---|
| 3 | കൃഷി / മരങ്ങൾ നഷ്ടമാകൽ | 14 ഭൂവുടമകൾ | 14 ഭൂവുടമകൾക്ക് തങ്ങൾ നെല്ല്, വാഴ തുടങ്ങിയവ കൃഷി ചെയ്തിരുന്ന സ്ഥല ത്തിൽ കുറവ് വരുകയോ, തെങ്ങ്, കവുങ്ങ്, വാഴ, അക്വേഷ്യ മരം തുടങ്ങിയ വിളകൾ നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ട്. |
| 4 | ഉപജീവന മാർഗ്ഗം തടസ്സപ്പെടൽ | 1 ഭൂവുടമ | നിർമ്മാണ ഘട്ടത്തിൽ ഉടമസ്ഥതയിലുള്ള സമീപത്തെ കെട്ടിടത്തിൻെറ പ്രവർത്തനം തടസ്സപ്പെട്ടത് മൂലം, സ്വന്തമായി നടത്തി യിരുന്ന ഹോട്ടലിൽ നിന്നുള്ള വരുമാനവും, വാടകക്ക് നൽകിയിരുന്ന മറ്റ് മുറികളിൽ നിന്നുള്ള വരുമാനവും അതുവഴി കുടുംബത്തിൻെറ ഉപജീവന മാർഗ്ഗവും തടസ്സപ്പെട്ടു. |
| | | വാടകക്കാർ / തൊഴിലാളിക ൾ | കെട്ടിടത്തിലെ സ്ഥാപനങ്ങളിൽ ഉപജീവനം നടത്തിയിരുന്ന വാടകക്കാർ / തൊഴിലാ ളികൾ എന്നിവരുടെ ഉപജീവന മാർഗ്ഗവും തടസ്സപ്പെട്ടു. |
| 5 | വരുമാനം നഷ്ടമാകൽ | 7 ഭൂവുടമകൾ | തെങ്ങ്, കവുങ്ങ്, എന്നിവ നഷ്ടമായത് മൂലവും, വാഴ / നെൽ കൃഷി ചെയ്തുകൊണ്ടിരുന്ന സ്ഥലത്തിൽ കുറവ് വരുന്നത് മൂലവുമുള്ള വരുമാന നഷ്ടം |
| | | | പ്രദേശത്തെ ടൈത്സ് കട പൂർണ്ണമായി പൊളിച്ച് നീക്കേണ്ടി വന്നത് മൂലം ഉണ്ടായ വരുമാന നഷ്ടം |
| 6 | പ്രവേശനമാർഗം നഷ്ടമാകൽ | 7 ഭൂവുടമകൾ | ഭൂവുടമകൾക്ക് തങ്ങളുടെ വസ്തു വകകളി ലേക്ക് പ്രവേശനം പദ്ധതി നിർമ്മാണ ഘട്ടത്തിലൊ, പൂർത്തീകരിച്ചതിന് ശേഷ മൊ (റോഡ് ഉയരത്തിൽ ആയത് മൂലം) തടസ്സപ്പെടുമെന്ന് ആശങ്കപ്പെടുന്നു. |
| 7 | കുട്ടികളുടെ/യുവാക്ക ളുടെ കായിക വിനോദം തടസ്സപ്പെടൽ | | കളി സ്ഥലത്തിൽ (Play Ground) കുറവ് വരുന്നത് മൂലം പ്രദേശത്തെ കായിക വിനോദത്തെ ബാധിക്കുന്നു. |
| 8 | ആരോഗ്യ പ്രശ്നങ്ങൾ /അപകട സാധ്യതകൾ | | നിർമ്മാണഘട്ടത്തിൽ പൊടിശല്ല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യ തകൾ |
| 9 | പരിസര മലിനീകരണം, | | നിർമ്മാണമാലിന്യങ്ങൾ മൂലം |

### 1.6. ലഘൂകരണ നടപടികൾ

മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ

ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷ്ടമാകൽ/അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വ്യാപാര വ്യവസായ സ്ഥാപനങ്ങൾ /മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 3 | കൃഷി നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 4 | ഉപജീവനമാർഗം തടസ്സപ്പെടൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനസ്ഥാപനവും |
| 5 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 6 | പ്രവേശനമാർഗം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിലും പൂർത്തീകരിച്ചതിന് ശേഷവും ഭൂവുടമകൾക്ക് / സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്ക് / കൃഷിയിടങ്ങളിലേക്ക് /മറ്റ് വസ്തുവകകളിലേക്ക് പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം. |

| | | |
|---|---|---|
| 7 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/അപകട സാധ്യതകൾ | പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കണം. നിർമ്മാണഘട്ടത്തിൽ തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മുൻകരുതലുകൾ സ്വീകരിക്കണം |
| 12 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസരമലിനീകരണം | പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ നടപ്പിലാക്കണം. |

# അദ്ധ്യായം 2
# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

മണാശ്ശേരി–കൂളിമാട് റോഡിന്റെ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ റോഡ് വീതി കൂട്ടി വികസിപ്പിക്കുന്ന പദ്ധതിയുടെ നിർവ്വാഹകരായി സംസ്ഥാന ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പ് (നിരത്ത്) വിഭാഗ ത്തെയാണ്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാ രത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹി ക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് ആയിരിക്കും. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി 390 ലക്ഷം രൂപയുടെ ഭരണാനുമതി G.O.(Rt)No.613/2021/PWD നമ്പർ പ്രകാരം 05.07.2021 തീയതിയിലും, 825.04 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനു മതി G.O (Rt) No. 179/2024/PWD നമ്പർ പ്രകാരം 12.02.2024 ലും ലഭിക്കുകയുണ്ടായി. കൂടാതെ, 19-07-2024 തീയതിയിലെ ഓർഡർ നമ്പർ RD/2019/7217 പ്രകാരം പദ്ധതിക്ക് 5 കോടി 21 ലക്ഷത്തി അറുപത്തി അയ്യായിരം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോ ജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2 ൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

മണാശ്ശേരി–കൂളിമാട് റോഡിൻെറ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാന ഗവണ്മെൻറ് മണാശ്ശേരി മുതൽ പുൽപ്പറമ്പ് വരെയുള്ള സ്ട്രെച്ചിൻെറ നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി നൽകി. നിലവിൽ അതിൻെറ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മണാശ്ശേരി – കൂളിമാട് റോഡിൻെറ ബാക്കി വരുന്ന പുൽപ്പറമ്പ് മുതൽ കൂളിമാട് വരെയുള്ള (Km 3/300 – 6/100) റോഡിന് 400 ലക്ഷം രൂപയുടെ ബഡ്ജറ്റിൽ അനുമതി നൽകുകയും, ചെയ്നേജ് 5/537 വരെയുള്ള ഭാഗം നിർമ്മാണം പൂർത്തീ കരിക്കുകയും ചെയ്തു. ചെയ്നേജ് 5/537 ന് ശേഷമുള്ള ഭാഗം വെള്ളക്കെട്ടുള്ള ചതുപ്പ് നിലമായതിനാൽ ആ പദ്ധതിയിൽ പൂർത്തിക്കരിക്കാൻ കഴിഞ്ഞില്ല. അതിനാൽ, 5.967 കിലോമീറ്റർ നീളമുള്ള മണാശ്ശേരി–കൂളിമാട് റോഡിൻെറ, മുൻ പദ്ധതിയിൽ പൂർത്തിക രിക്കാൻ കഴിയാത്ത ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ റോഡിൻെറ വികസനമാണ് നിലവിലെ പദ്ധതി.

പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി കോഴിക്കോട് താലൂക്കിലെ പൂളക്കോട് വില്ലേജിൽ പാഴൂർ ദേശത്തിൽ ഉൾപ്പെടുന്നു. പ്രധാനമായും നെല്ല്, വാഴ കൃഷി എന്നിവക്ക് ഉപയോ ഗിച്ചിരുന്ന ഈ ഭൂമി ചാത്തമംഗലം പഞ്ചായത്തിൽ വാർഡ് 10 ൽ ഉൾപ്പെടുന്നു. പദ്ധതി പ്രദേശം വെള്ളക്കെട്ടുള്ളതും, വെള്ളപ്പൊക്കം ഉണ്ടാകാറുള്ളതുമാണ്. മഴക്കാലത്ത് ചാലിയാറിൽ നിന്നും ഇരുവഴിഞ്ഞിപ്പുഴയിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ് പ്രദേശത്തെ വെള്ളപ്പൊക്കത്തിന് കാരണമാകുന്നത്. മഴക്കാലത്ത് പ്രദേശത്തെ റോഡും ചുറ്റുപാടും വെള്ളത്തിലാവുന്നതിനാൽ പ്രദേശം മറ്റ് ഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുകയും അവശ്യ സാധങ്ങൾ കുടുംബങ്ങളിലേക്കെത്തിക്കുന്നതിന് പോലും ബുദ്ധിമുട്ടുകയും ചെയ്യു ന്ന സാഹചര്യമാണുള്ളത്. നിലവിലെ പദ്ധതി പ്രകാരം റോഡ് ഉയർത്തി, വീതി കൂട്ടി, ആവശ്യമായ കൽവർട്ട്, ഡ്രെയിനേജ് സൗകര്യങ്ങൾ ഒരുക്കി പൂർത്തീകരിക്കുമ്പോൾ പ്രദേശവാസികൾ ഉൾപ്പെടെയുള്ള ജനങ്ങൾക്കും യാത്രികർക്കും പ്രത്യേകിച്ച് മഴക്കാലത്ത് വലിയ ആശ്വാസമായിരിക്കും. കൂടാതെ, പ്രദേശത്തിൻെറ സമഗ്ര വികസനത്തിനും പദ്ധതി കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.

നിലവിലെ പദ്ധതിക്ക് 05.07.2021 തീയതിയിലെ G.O.(Rt)No.613/2021/PWD നമ്പർ ഉത്തരവ് പ്രകാരം 390 ലക്ഷം രൂപയുടെ ഭരണാനുമതിയും, 12.02.2024 തീയതിയിലെ G.O (Rt) No. 179/2024/PWD നമ്പർ ഉത്തരവ് പ്രകാരം 825.04 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനു മതിയും ലഭിക്കുകയുണ്ടായി. കൂടാതെ, 19-07-2024 തീയതിയിലെ ഉത്തരവ് നമ്പർ

RD/2019/7217 പ്രകാരം പദ്ധതിക്ക് 5 കോടി 21 ലക്ഷത്തി അറുപത്തി അയ്യായിരം രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിലവിലുള്ള റോഡ് വീതി കൂട്ടി, ഉയർത്തി വികസിപ്പിക്കുക എന്നതാണ് പദ്ധതി എന്നതിനാലും, നിലവിലെ രൂപരേഖ കൂടുതലും നിർമ്മിതികൾ ഇല്ലാത്ത സ്ഥലത്തു കൂടെയാണ് കടന്ന് പോകുന്നത് എന്നതിനാലും, കുടുംബങ്ങൾക്ക് വളരെ കുറവ് പ്രത്യാഘാതമാണ് ഉണ്ടാകുക എന്നതിനാലും, പദ്ധതിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് അടയാളപ്പെടുത്തിയിരിക്കുന്നത് എന്നും, പദ്ധതിക്ക് ഇതിലും അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ പദ്ധതി പ്രദേശത്ത് ഇല്ല എന്നും പഠന സംഘം വിലയിരുത്തുന്നു.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ശേഷം പദ്ധതി നിർമ്മാണം ആരംഭിക്കും.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

വിശദമായ പദ്ധതിരേഖയിൽ നൽകിയിരിക്കുന്ന പദ്ധതിയുടെ രൂപരേഖയുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടർന്ന് നൽകുന്നു.

മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് & ഹൈവേയ്സ് (MoRTH), ഇന്ത്യൻ റോഡ്സ് കോൺഗ്രസ് (IRC), ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BIS), എന്നിവ അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ ഏറ്റവും പുതിയ റിവിഷനുകൾക്കും ഭേദഗതികൾക്കും അനുസൃതമായിട്ടാണ് പദ്ധതിയുടെ ഫീൽഡ് സ്റ്റഡി, രൂപ രേഖ തയ്യാറാക്കൽ, ഡോക്യുമെൻേറഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും നടത്തിയിരിക്കുന്നത്.

വിശദമായ ഫീൽഡ് സ്റ്റഡിക്കും പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ആളുകളുമായി നടത്തിയ ചർച്ചകൾക്കും ശേഷമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രദേശത്തിൻെറ ഭൂപ്രകൃതി, ഭൂമിയുടെ ഉപയോഗം, മണ്ണ്, ഡ്രെയിനേജ് സംവിധാനങ്ങൾ, മറ്റ് സാധ്യമായ വഴികൾ എന്നിവയും പദ്ധതി രൂപരേഖ തയ്യാറാക്കിയപ്പോൾ പരിശോധിച്ചിരുന്നു.

നിർദ്ദിഷ്ട റോഡിൻെറ നിർമ്മാണം രണ്ട് വരി പാതയായിട്ടാണ് ഉദ്ദേശിക്കുന്നത്. അഞ്ചര മീറ്റർ ടാറിംഗ്, രണ്ട് വശങ്ങളിലും ഒരു മീറ്റർ വീതം ഇൻറർലോക്ക്, 1.25 മീറ്റർ വീതം ഇരു വശങ്ങളിലും ബേം (Berm) ഉൾപ്പടെ 10 മീറ്റർ വീതിയിലാണ് റോഡിന് സ്ഥലമേറ്റെടുക്കുന്നത്. എംബാർക്ക്മെൻറ് ഫില്ലിങ്ങ്, പാദ ഭിത്തി, റോഡ് ഉപരിതലത്തിൽ നിന്നുള്ള വെള്ളം ഒഴുക്കി കളയുന്നതിനുള്ള ച്യൂട്ട് ഡ്രെയിൻ, കൽവർട്ട്, ഡി.ബി.എം (ഡെൻസ് ബിറ്റുമിനസ് മക്കാഡം), ബിറ്റുമിനസ് കോൺക്രീറ്റ്, റോഡ് സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവക്കുള്ള പ്രൊവിഷനും പദ്ധതിയുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 2.7 അനുബന്ധമായ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

പദ്ധതി നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്ത് വൈദ്യുതി തൂണുകൾ, തെരുവ് വിളക്കുകൾ, ആവശ്യമെങ്കിൽ ട്രാൻസ്ഫോർമർ, ടെലിഫോൺ തൂണുകൾ, എന്നിവ സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതം തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം. പദ്ധതി നിലവിൽ വരുമ്പോൾ പദ്ധതിപ്രദേശത്തുള്ള വീടുകളിലേക്കും വസ്തുവിലേക്കും നിലവിലുള്ള സൗകര്യത്തിൽ കുറവ് വരാത്ത വിധത്തിൽ മതിയായ പ്രവേശനമാർഗം നൽകണം. റോഡ് ഉയരത്തിൽ വരുമ്പോൾ ഭൂവുടമകളുടെ ബാക്കി വരുന്ന സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുന്നതിന് ശാസ്ത്രീയമായ മുൻകരുതലുകൾ പദ്ധതി നിർമ്മാണത്തിൽ ഉൾപ്പെടുത്തണം. കൂടാതെ, റോഡിൽ നിന്ന് ഈ സ്ഥലങ്ങളിലേക്ക് ഇറങ്ങുന്നതിന് റാമ്പ് വേണമെന്ന ആവശ്യവും ചില ഭൂവുടമകൾ ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല, നിർമ്മാണാവശിഷ്ടങ്ങൾ മൂലം പ്രദേശത്തെ കാനയിൽ/കലുങ്കിൽ ഒഴുക്ക് തടസ്സപ്പെടുന്നതിനാൽ പ്രദേശത്ത് വെള്ളക്കെട്ടിനുള്ള സാധ്യത ചില ഭൂവുടമകൾ ചൂണ്ടിക്കാട്ടിയത് പരിഗണിച്ച് കാന ക്ലീൻ ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

### 2.8 ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ നിയമിക്കുകയും കരാറുകാരൻ നിർമ്മാണ പ്രവർത്തികൾ ആരഭിക്കുകയും ചെയ്തിട്ടുണ്ട്.
കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ജോലികൾ നിർവ്വഹിക്കണം. പദ്ധതിയുടെ സമയക്രമീകരണം കരാറുകാരൻ തയ്യാറാക്കുന്ന വർക്ക് ഷെഡ്യൂൾ എന്നിവ പ്രൊജക്ട് മാനേജ്മെൻറ് വിലയിരുത്തുകയും പദ്ധതിയുടെ സമയാധിഷ്ഠിത പൂർത്തീകരണം സ്ഥിരമായ വിലയിരുത്തലിലൂടെ ഉറപ്പുവരുത്തുകയും ചെയ്യും. ആധു

നിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ഇൻവെസ്റ്റിഗേഷൻ വർക്ക്സ് നടത്തുന്നതിനായി 10.05.2022 ൽ ULCCS Ltd എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തുകയും അവർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണോമസ്), കളമശ്ശേരി നടത്തി കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖയാണ് ഇത്.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി-കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കു ന്നതാണ് നിർദ്ദിഷ്ട പദ്ധതി. ടി പദ്ധതിക്കായി പൂളക്കോട് വില്ലേജിലെ വിവിധ സർവ്വെ നമ്പറുകളിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ട പരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങ ളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃ രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃ രധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ച ത്തിൽ കേരള സർക്കാർ റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ❖ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ

വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS)No . 448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം

- വിവരവകാശ നിയമം 2005

# അദ്ധ്യായം 3
# പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്നും 0.5322 ഹെക്ടർ സ്ഥലം, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ജില്ലാ കളക്ടർ 2025 ഫെബ്രുവരി 8, തീയതിയിൽ പുറപ്പെടുവിച്ച വിജ്ഞാപനം വിജ്ഞാപനം നമ്പർ DCKKD/10704/2024-B3 164/2022/RD, 2025 മാർച്ച് 12 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 944 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതി യുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റിൻെറ അദ്ധ്യക്ഷനായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണോമസ്) പ്രിൻസിപ്പാലിൻെറ നേതൃത്വ ത്തിൽ വിവിധ സാമൂഹ്യ–സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരു ത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 8 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂ ഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി അന്തിമ രേഖ തയ്യാറാക്കിയത്. പഠന സംഘത്തി ൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി.. ചെയർപേഴ്സൺ | അദ്ധ്യാപന ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |

| | | | |
|---|---|---|---|
| 2 | ഡോ:ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം.), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഡോ. ഫാ. ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 6 | വിനയൻ വി എസ്സ് | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 20 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ജോർജ് വി.എ | എം.എസ്.ഡബ്ല്യൂ റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 36 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ഫിലോമിന കെ.എ. | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 30 വർഷത്തെ പ്രവർത്തന പരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക, കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതിബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം

നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ ജൂൺ 26 തീയതിയിൽ പദ്ധതിപ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതിബാധിതരാകുന്ന ഭൂവുടമകളുടെ ഭവന സന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ്, നിരത്തുകൾ വിഭാഗം, കോഴിക്കോട് കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തി നുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിച്ച പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്തു. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിച്ച അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ്

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമരേഖ തയ്യാറാക്കിയിരിക്കുന്നത്.

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതിപ്രദേശം മുഴുവനായും സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവര ശേഖരണം നടത്തുകയും ചെയ്തു.

### 3.4 പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെക്കുറിച്ചുമുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. താഴെ പറയുന്ന സ്രോതസ്സുകളിൽ നിന്നുമാണ് പഠനസംഘം പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിച്ച വിവരങ്ങൾ ഇതോടൊപ്പം കൂട്ടിച്ചേർത്തിട്ടുണ്ട്.

- പദ്ധതി പ്രദേശ സന്ദർശനവും നിരീക്ഷണവും
- പദ്ധതി ബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം
- പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, കോഴിക്കോട് കാര്യാലയത്തിൽ നിന്നും സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതി ൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**3.5. തത്പരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം താഴെ നൽകി യിരിക്കുന്നു :

- ❖ അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം.
- ❖ പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, കോഴിക്കോട് ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച്ച.
- ❖ പദ്ധതി പ്രദേശത്ത് സന്ദർശനം.
- ❖ പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ.
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും.
- ❖ പബ്ലിക് ഹിയറിങ്ങ്
- ❖ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ തയ്യാറാ ക്കലും പ്രസിദ്ധപ്പെടുത്തലും.

***പബ്ലിക് ഹിയറിങ്ങ്***

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി – കൂളിമാട് റോഡ് വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.5322 ഹെക്ടർ സ്ഥലം ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തി

നുമുള്ള അവകാശനിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി യതിൻെറ ഭാഗമായി, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശചട്ടങ്ങൾ 2015 ചട്ടം 14 അനുശാസിക്കുന്ന പ്രകാരം 12.08.2025 തീയതി, ചൊവ്വാഴ്ച കൂളിമാട് മദ്രസ ഹാളിൽ വച്ച് പബ്ലിക് ഹിയറിങ്ങ് നടത്തി.

ഉച്ചക്ക് 2.30 ന് മൗന പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ശ്രീ.ബിജു സി.പി, എസ്.ഐ.എ കോർഡിനേറ്റർ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് (ഓട്ടോണമസ്), കളമശ്ശേരി പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസി ക്കുകയും, പബ്ലിക് ഹിയറിങ്ങിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് വിശദീകരിക്കുകയും, പബ്ലിക് ഹിയറിങ്ങിൻെറ ഏകോപനം നിർവ്വഹിക്കുകയും ചെയ്തു. ശ്രീ. അബ്ദുൾ റഫീഖ് കെ, വാർഡ് മെമ്പർ, ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്, പബ്ലിക് ഹിയറിങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ നാടിൻെറ വികസനത്തിന് കാരണമാകാൻ പോകുന്ന കൂളിമാട് മണാശ്ശേരി റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി സ്ഥലം വിട്ട് നൽകാൻ തയ്യാറായ ഭൂവുടമകളെ അഭിനന്ദിക്കുന്നതോടൊപ്പം, മാന്യമായ നഷ്ടപരി ഹാരം അവർക്ക് നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കണ മെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.



ശ്രീ. അബ്ദുൾ റഫീഖ് കെ, വാർഡ് മെമ്പർ, കൂളിമാട് വാർഡ്




ശ്രീ.ബിജു സി.പി, എസ്.ഐ.എ കോർഡിനേറ്റർ



ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്

ശ്രീ വിനയൻ വി.എസ്, റിസേർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കളമശ്ശേരി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ അവതരിപ്പിച്ചു. പിന്നീട് പദ്ധതി ബാധിതർ പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കൽ നടപടികളെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്കു വച്ചു.







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു







പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു





പദ്ധതിബാധിതർ ആശങ്കകൾ പങ്കുവക്കുന്നു

തുടർന്ന്, ശ്രീമതി. സിസ്സി. എ, സ്പെഷ്യൽ തഹസീൽദാർ (എൽ.എ), KCRIP, കോഴിക്കോട്, ഭൂമി ഏറ്റെടുക്കൽ നടപടികളെ കുറിച്ചും, ശ്രീ. അതുൽ.പി അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, നിരത്ത് വിഭാഗം, കോഴിക്കോട് റോഡ് വികസന വുമായി ബന്ധപ്പെട്ട അലൈൻമെൻറ് ഉൾപ്പടെയുള്ള സാങ്കേതിക വശങ്ങളെക്കുറിച്ചും വിശദീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു. സ്പെഷ്യൽ തഹസീൽദാർ (എൽ.എ), KCRIP, കോഴിക്കോട് ഓഫീസിൽ നിന്നും റവന്യൂ ഇൻസ്പെക്ടർ ശ്രീമതി. ജിഷ. പി, ചെയർമാൻ ശ്രീമതി.ലിഡിയ പോൾ, പൊതുമരാമത്ത് വകുപ്പ് (നിരത്ത്), കുന്ദമംഗലം ഓഫീസിൽ നിന്നും ഓവർസിയർ ശ്രീ. അബ്ദു റസാഖ് എന്നിവരും യോഗത്തിൽ സന്നിഹിതരായിരുന്നു.




ശ്രീമതി. സിസ്സി. എ, സ്പെഷ്യൽ തഹസീൽദാർ (എൽ.എ), KCRIP, കോഴിക്കോട്




ശ്രീ. അതുൽ.പി അസിസ്റ്റൻറ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

യോഗത്തിൽ പങ്കെടുത്ത ഭൂവുടമകളും ജനപ്രതിനിധി ഉൾപ്പെടെ എല്ലാവരും തന്നെ ന്യായമായ നഷ്ടപരിഹാരം നൽകി, അർഹരായവരെ ശരിയായ രീതിയിൽ പുനരധി വസിപ്പിക്കണമെന്ന നിർദ്ദേശമാണ് പ്രധാനമായും മുന്നോട്ട് വച്ചത്. മണാശ്ശേരി– കൂളിമാട് റോഡ് നവീകരണത്തിൻെറ ഭാഗമായി റോഡിൻെറ ഉയരം വലിയ തോതിൽ വർദ്ധി ക്കുകയും സമീപത്തെ നിലങ്ങളിലേക്കുള്ള പ്രവേശനം തടസ്സപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, ട്രാക്ടർ പോകുന്നതിനുൾപ്പടെയുള്ള റാമ്പുകൾ ആവശ്യമാണെന്ന

നിർദ്ദേശം ഭൂവുടമകൾ ഉന്നയിച്ചു. കൂടാതെ, നിർമ്മാണ മാലിന്യങ്ങൾ മൂലം പ്രദേശത്തെ കാന / കലുങ്കിലെ വെള്ളമൊഴുക്ക് തടസ്സപ്പെടുന്നതിന് പരിഹാരം കാണണമെന്ന നിർദ്ദേശവും അവർ മുന്നോട്ട് വച്ചു. ടി പദ്ധതിക്ക് വേണ്ടി സ്ഥലമേറ്റെടുത്തത് മൂലം സമീപത്തെ ഗ്രൗണ്ട് നഷ്ടപ്പെടുകയും കുട്ടികളുടേയും യുവാക്കളുടേയും കായിക വിനോദം തടസ്സപ്പെടുകയും ചെയ്യതായി ചില ഭൂവുടമകൾ അറിയിച്ചു. കൂടാതെ, എതിൽ ദിശയിലെ അലൈൻമെൻറിൽ നിന്നും വ്യത്യസ്തമാണ് തൻെറ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭാഗത്തെ അലൈൻമെൻറ് എന്നും, തൻെറ കെട്ടിടത്തോട് ചേർന്ന് അലൈൻമെൻറ് വന്നത് മൂലം, ഭാവിയിൽ ഒരു വികസനം വന്നാൽ തൻെറ കെട്ടിടം ബാധിക്കുമെന്ന ആശങ്ക അഷ്കർ എന്ന ഭൂവുടമ പ്രകടിപ്പിച്ചു. അങ്ങനെ സംഭവിക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മറുപടി പ്രസംഗത്തിൽ RFCTLARR Act-2013 പ്രകാരമുള്ള ന്യായമായ നഷ്ട പരിഹാരം തന്നെ പദ്ധതി ബാധിതർക്ക് ലഭിക്കുമെന്നും ആരും തന്നെ ആശങ്കപ്പെടേണ്ടതില്ലെന്നും, സ്പെഷ്യൽ തഹസിൽദാർ പറഞ്ഞു. കലുങ്ക് ക്ലീൻ ചെയ്യുമെന്നും, ട്രാക്ടറുകൾക്ക് പോകാൻ റാമ്പുൾപ്പടെയുള്ള മറ്റ് വിഷയങ്ങളിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സാധ്യമായ നടപടികൾ കൈകൊള്ളുമെന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും പങ്കെടുത്ത അസിസ്റ്റൻറ് എഞ്ചിനീയർ അറിയിച്ചു.



ശ്രീമതി. ദിവ്യ പി.ജി, റിസർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ്

ശ്രീമതി. ദിവ്യ പി.ജി, റിസർച്ച് അസോസിയേറ്റ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ നന്ദി പ്രസംഗത്തോട് കൂടി കൃത്യം 4.15 ന് യോഗം അവസാനിച്ചു.

പട്ടിക 3.5.1: 12.08.2025 തീയ്യതി കൂളിമാട് മദ്രസ ഹാളിൽ വച്ച് നടന്ന പബ്ലിക് ഹിയറിങ്ങിൽ ഉന്നയിക്കപ്പെട്ട ചോദ്യങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടിയും.

| ക്രമ നമ്പർ | ചോദ്യകർത്താവിൻെറ പേര് /സർവ്വെ നമ്പർ | ചോദ്യം/ആശങ്ക | ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടി |
|---|---|---|---|
| 1 | അക്ഷര വായന ശാലക്ക് വേണ്ടി അബ്ദുന്നാസിർ, കെ.എ ഖാദർ, എം. അഷ്കർ | കുട്ടികൾ 10–15 വർഷമായി കളിച്ചുകൊണ്ടിരുന്ന അക്ഷര വായനശാലയുടെ ഗ്രൗണ്ടിൻെറ ഒരു പ്രധാന ഭാഗം പദ്ധതിക്ക് വേണ്ടി ഏറ്റെടുത്തപ്പോൾ പ്രദേശത്തെ കുട്ടികളുടെ കളി നിന്നു പോയി. അതിന് പകരമായി വലിയൊരു ഗ്രൗണ്ട് ഉണ്ടാക്കുന്നതിനുള്ള സൗകര്യം സർക്കാരിൻെറ ഭാഗത്ത് നിന്ന് ഉണ്ടാകണം. കൂടാതെ, ഗ്രൗണ്ട് ഒരുക്കുന്നതിൻെറ ഭാഗമായി ഏകദേശം അമ്പതിനായിരം രൂപയുടെ മണ്ണ് ഏറ്റെടുത്ത ഭാഗത്ത് മാത്രം ഇട്ടിരുന്നു. | മറുപടി ലഭ്യമല്ല. |
| 2 | കൂളിമാട് മഹല്ല് കമ്മിറ്റിക്ക് വേണ്ടി പ്രസിഡൻറ് കെ.എ ഖാദർ | പള്ളികമ്മിറ്റിയുടെ പേരിലുള്ള നാല് സ്ഥലങ്ങളാണ് ബാധിക്കപ്പെടുന്നത്. ഈ സ്ഥലങ്ങൾ കൃഷി ചെയ്യു ന്നതിന് വേണ്ടി ലേലത്തിൽ നൽകാറുണ്ട്. അതിൽ നിന്ന് കമ്മിറ്റിക്ക് ലഭിച്ച് കൊണ്ടിരുന്ന വരുമാനം നഷ്ട മാകുന്നു. | നിജ സ്ഥിതി പരിശോധിച്ച് അർഹരായവർക്ക് RFCTLARR Act 2013 പ്രകാരം ഉള്ള നഷ്ട പരിഹാരം നൽകുന്നതാണ് |
| 3 | അയിഷ, കദീജ, സൈനബ, കൊഴിമണ്ണിൽ, പാഴൂർ | സാമൂഹ്യാഘാത പഠന റിപ്പോർട്ടിൽ പേര് ഉൾപ്പെ ട്ടിട്ടില്ല. | അന്തിമ രേഖയിൽ പേര് ഉൾപ്പെടുത്തുന്നതാണ്. (SIA Unit)<br>റിപ്പോർട്ടിൽ പേരില്ല എന്നുള്ളതിനാൽ ആരും ആശങ്കപ്പെടേണ്ടതില്ല. സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും റവന്യൂ ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| | | | ഒരിക്കൽ കൂടി പദ്ധതി പ്രദേശം സന്ദർശിച്ച് റിപ്പോർട്ടിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ പദ്ധതി ബാധിത ഭൂവുടമകളുടെ വിവരങ്ങൾ ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതിനാൽ ആരുടേയും പേര് നഷ്ട പരിഹാര നടപടികളിൽ നിന്ന് വിട്ട് പോകുമെന്ന ആശങ്ക വേണ്ട. (LAO) |
| 4 | ചെറു ബീവി, അരയങ്കോട്കുഴി, പാഴൂർ പി.ഒ, (32/53) | സാമൂഹ്യാഘാത പഠന റിപ്പോർട്ടിൽ ഞങ്ങളുടെ പേര് ഉൾപ്പെട്ടിട്ടില്ല. | അന്തിമ രേഖയിൽ പേര് ഉൾപ്പെടുത്തുന്നതാണ്. (SIA Unit)<br><br>റിപ്പോർട്ടിൽ പേരില്ല എന്നുള്ളതിനാൽ ആരും ആശങ്കപ്പെടേണ്ടതില്ല. സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും റവന്യൂ ഇൻസ്പെക്ടർ ഒരിക്കൽ കൂടി പദ്ധതി പ്രദേശം സന്ദർശിച്ച് റിപ്പോർട്ടിൽ ഉൾപ്പെട്ടതും ഉൾപ്പെടാത്തതുമായ പദ്ധതി ബാധിത ഭൂവുടമകളുടെ വിവരങ്ങൾ ശേഖരിച്ച് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അതിനാൽ ആരുടേയും പേര് നഷ്ടപരിഹാര നടപടികളിൽ നിന്ന് വിട്ട് പോകുമെന്ന ആശങ്ക വേണ്ട. (LAO) |
| 5 | മുഹമ്മദ് അഷ്കർ, മറ്റുള്ളവർ | റോഡിന് സമീപത്തായി ഒരു ബിൽഡിങ്ങ് ഉണ്ട്. അതിൽ ഒരു ഹോട്ടൽ ഉണ്ടായിരുന്നു. പണി തുടങ്ങി രണ്ടാഴ്ചക്കുള്ളിൽ അത് പൂട്ടി. ബാർബർഷോപ്പ്, വർക്ക് ഷോപ്പ് എന്നിവ ഉണ്ടായിരുന്നതും പൂട്ടി.<br><br>നിലവിലെ സ്ഥിതിയിൽ റോഡ് ഉയരം കൂടിയപ്പോൾ വെള്ളം വരുന്നത് എന്റെ കെട്ടിടത്തിലേക്കാണ്. | നിജ സ്ഥിതി പരിശോദിച്ച് അർഹരായവർക്ക് RFCTLARR Act 2013 പ്രകാരം ഉള്ള നഷ്ട പരിഹാരം നൽകുന്നതാണ് (LAO) |

| | | | |
|---|---|---|---|
| | | അതിനുള്ള ഒരു പരിഹാരം ഉണ്ടാക്കി തരണം. എന്റെ കെട്ടിടം നിൽക്കുന്ന വശത്തെ അലൈൻമെൻറ് എന്റെ സ്ഥലത്തിനോടും കെട്ടിടത്തിനോടും ചേർന്ന് നിൽക്കുന്നതിനാൽ, ഭാവിയിൽ റോഡിന് വേണ്ടി ഏറ്റെടുക്കൽ നടപടികൾ ഉണ്ടാവുകയാണെങ്കിൽ എന്റെ കെട്ടിടത്തെ ബാധിക്കുമൊ എന്ന് ആശങ്കപ്പെടുന്നു.<br><br>മുമ്പ് റോഡ് ഉയരം കുറവായിരുന്നു. എന്നിട്ടും പാടത്തേക്ക് ട്രാക്ടറുകൾ ഇറങ്ങുന്നതിന് 3-4 റാമ്പുകൾ ഉണ്ടായിരുന്നു. എന്നാൽ, ഇപ്പോൾ റോഡ് നല്ല ഉയരത്തിൽ ആണ്. അതിനാൽ റോഡിൽ നിന്ന് പാടത്തേക്ക് ട്രാക്ടറുകൾ ഇറങ്ങുന്നതിന് നിർബന്ധമായും റാമ്പുകൾ വേണം.<br><br>പദ്ധതി പ്രദേശത്തുള്ള വെള്ളം പോകുന്ന തോട് / കലുങ്ക് നിർമ്മാണ പ്രവർത്തി ആരംഭിച്ചതുമുതൽ ചില സ്ഥലങ്ങളിൽ മണ്ണും കല്ലും മെറ്റലും വീണ് തടസ്സപ്പെട്ടിരിക്കുന്നു. അത് ക്ലിയർ ചെയ്യണം. | പരിശോദിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. (PWD)<br><br>ട്രാക്ടർ പോകുന്നതിനുള്ള റാമ്പ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. വിഷയം പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. (PWD)<br><br>കല്ലും മണ്ണും ക്ലിയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (PWD) |

# അദ്ധ്യായം 4
# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ടൗണിൽ നിന്നും ഏകദേശം 25 കിലോമീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന, ചാത്തമംഗലം പഞ്ചായത്തിലെ കൂളിമാട് വാർഡിൽ (വാർഡ് 10) പാഴൂർ ദേശത്ത് ഉൾപ്പെടുന്ന ഒരു ചെറിയ സ്ഥലമാണ് പദ്ധതി പ്രദേശം. ചാലിയാർ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥലം മാവൂരിൽ നിന്നും ഏകദേശം 3 കിലോമീറ്റർ മാത്രം അകലെയാണ്. മാവൂർ, മുക്കം, അരീക്കോട് എന്നിവയാണ് സമീപത്തെ പ്രധാന നഗരങ്ങൾ. പദ്ധതി പ്രദേശത്തെ പ്രധാന കൃഷി നെല്ലാണ്. വാഴ, പൂള, ചേമ്പ് തുടങ്ങിയ വിളകളും, കൂടാതെ തെങ്ങ്, കവുങ്ങ് തുടങ്ങിയ ഫല വൃക്ഷങ്ങളും പദ്ധതി പ്രദേശത്തെ പ്രധാന വിളകളാണ്. പ്രദേശം വെള്ളക്കെട്ടുള്ളതും, പ്രത്യേകിച്ച് മഴക്കാലത്ത് റോഡും മറ്റ് വഴികളുമെല്ലാം വെള്ളത്തിൽ മുങ്ങി പോകുന്നതു മൂലം പ്രദേശവും ഇവിടെ താമസിക്കുന്ന കുടുംബങ്ങളും ഒറ്റപ്പെടുന്ന സാഹചര്യം ഉണ്ടാകാറുള്ളതുമാണ്. മഴക്കാലത്ത് ചാലിയാറിൽ നിന്നും ഇരുവഴിഞ്ഞിപ്പുഴയിൽ നിന്നും ഒഴുകിയെത്തുന്ന വെള്ളമാണ് പ്രദേശത്തെ വെള്ള പ്പൊക്കത്തിന് കാരണമാകുന്നത്.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും ടി ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഏതാനും കുടും ബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5 ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ്, നിരത്തുകൾ വിഭാഗം കോഴിക്കോട് തയ്യാറാക്കിയ വിശദമായ പദ്ധതി രേഖയിൽ ഏകദേശം 430 മീറ്റർ

നീളത്തിൽ 10 മീറ്റർ വീതിയിലാണ് റോഡ് വീതി കൂട്ടി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തിയിരിക്കുന്നു. ഇതിന് വേണ്ടി ഏകദേശം 0.5322 ഹെക്ടർ സ്ഥലമാണ് ആവശ്യമായി വരുന്നതെന്ന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാപത്രത്തിൽ പറയുന്നു. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറയും അർത്ഥനാധികാരിയിൽ നിന്ന് ലഭ്യമായ വിവരത്തിൻേറയും അടിസ്ഥാനത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

ഒരു വായനശാല, യോഗങ്ങൾക്കും മറ്റ് കൂടിച്ചേരലുകൾക്കും മുസ്ലീം ജമായത്ത് കമ്മിറ്റി ഉപയോഗിക്കാറുള്ള അവരുടെ ഉടമസ്ഥതയിലുള്ള സ്ഥലം, കൂടാതെ, പ്രദേശത്തെ കുട്ടികൾ/ യുവാക്കൾ കായിക വിനോദത്തിനായി ഉപയോഗിക്കുന്ന ഒരു ഗ്രൗണ്ടും പദ്ധതി ബാധിതമാകുന്നുണ്ട്. പ്രദേശവാസികൾ പൊതു ആവശ്യത്തിനായി ഉപയോഗിക്കുന്ന മറ്റ് സ്ഥലങ്ങൾ ഒന്നും ഏറ്റെടുക്കപ്പെടുന്ന പ്രദേശത്ത് ഉള്ളതായി പഠന സംഘത്തിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

### 4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം

ബാധകമല്ല

### 4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

2024 ജൂലൈ 31 തിയ്യതിയിലെ റവന്യൂ (ബി) വകുപ്പിൻെറ ഉത്തരവ് Go (Rt) No. 1804/ 2024/RD പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അതായത് മണാശ്ശേരി–കൂളിമാട് റോഡിൻെറ, ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള ഭാഗത്തിൻെറ വികസനത്തിന് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. പദ്ധതി പ്രദേശം നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതും, പ്രധാനമായും കൃഷിക്ക് പ്രത്യേകിച്ച് നെൽ കൃഷിക്ക് ഉപയോഗിക്കുന്നതുമായ പ്രദേശമാണ്. കൂടാതെ, വായനശാല / കച്ചവട സ്ഥാപനം നടത്തിയിരുന്ന സ്ഥലവും, മുസ്ലീം ജമായത്ത് കമ്മിറ്റിയുടെ പേരിലുള്ള നാല്

പ്ലോട്ടുകളും, പ്രദേശത്തെ യുവാക്കൾ കായിക വിനോദത്തിനായി ഉപയോഗിക്കുന്ന ഒരു ഗ്രൗണ്ടും ഏറ്റെടുക്കുന്നവയിൽ ഉൾപ്പെടും. ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങൾ നിലവിലെ റോഡിന് ഇരുവശവുമുള്ള സ്ഥലങ്ങളാണ്.

## 4.7. ആഘാത ബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

വിജ്ഞാപനം ചെയ്യപ്പെട്ട സർവ്വെ നമ്പറുകളുടെ 20 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തി സർവ്വെ ചെയ്തത്. ലഭ്യമായ വിവരം അനുസരിച്ച് പദ്ധതിബാധിത സ്ഥലങ്ങൾ പ്രധാനമായും നിലം വിഭാഗത്തിൽ ഉൾപ്പെടുന്നു.

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ 14 ഉടമകളുടെ സ്ഥലങ്ങൾ കൃഷിക്കും, രണ്ട് ഉടമകളുടെ സ്ഥലങ്ങൾ വഴിയായും, ഒരു ഉടമയുടെ സ്ഥലം കുടുംബത്തിന്റെ താമസത്തിനും, മറ്റൊരു ഉടമയുടെ സ്ഥലം വായനശാല / കച്ചവട ആവശ്യത്തിനും, ഒരു ഉടമയുടെ സ്ഥലം ഗ്രൗണ്ടായും ഉപയോഗിക്കുന്നു. കൂടാതെ, മറ്റൊരു പദ്ധതി ബാധിത ഉടമയായ മുസ്ലീം ജമായത്ത് കമ്മിറ്റിയുടെ പേരിലുള്ള നാല് പ്ലോട്ടുകൾ യോഗങ്ങൾ കൂടുന്നതിനോ, പൊതു പരിപാടികൾ നടത്തുന്നതിനോ ഉപയോഗിക്കുന്നു.

ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ 14 ഉടമകളുടെ സ്ഥലങ്ങളിലാണ് നിലവിൽ കൃഷിയുള്ളത്. തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയവയാണ് ഇവിടെ പ്രധാനമായും കൃഷി ചെയ്യുന്നത്. ചാലിയാർ പുഴയിൽ നിന്നുള്ള ജലമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്.

## 4.8. കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിന്റെ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വെ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയ 20 ഭൂവുടമകളിൽ 14 ഉടമകളുടേത് വ്യക്തിഗത ഉടമസ്ഥതയിലുള്ളതും, 3 വസ്തുവകകൾ കൂട്ടുടമസ്ഥതയിലുള്ളതുമാണ്. കൂടാതെ, പദ്ധതി ബാധിതമാകുന്ന മറ്റ് മൂന്ന് വസ്തുവകകൾ മഹല്ല് കമ്മിറ്റിയുടെയോ, വായനശാലയുടേയോ, ട്രസ്റ്റിന്റെയോ പേരിലുള്ളതാണ്. നിർദ്ദിഷ്ട സ്ഥലങ്ങൾ ഉടമകൾക്ക് കൈവശമായ രീതി പരിശോധിക്കുമ്പോൾ 7 ഉടമകൾ ടി സ്ഥലങ്ങൾ വിവിധ കാലയളവുകളിലായി വാങ്ങിയതും 11 ഉടമകൾക്ക് തങ്ങളുടെ പൂർവ്വികരിൽ

നിന്നും കൈവശമായതുമാണ്. രണ്ട് ഉടമകൾ ഇതുമായി ബന്ധപ്പെട്ട് വിവരം നൽകിയിട്ടില്ല.

പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് പദ്ധതിപ്രദേശത്ത് കൈവശമായ ഭൂമിയുടെ അളവ് പരിശോദിച്ചാൽ, ബന്ധപ്പെട്ട വിവരം നൽകിയ 16 പേരിൽ, 6 ഉടമകൾക്ക് 10 സെൻറിൽ താഴെയും, മറ്റ് 6 പേർക്ക് 10 സെൻറിനും 50 സെൻറിനും ഇടയിലും, 2 പേർക്ക് 50 സെൻറിനും 100 സെൻറിനും ഇടയിലും, മറ്റ് 2 ഭൂവുടമകൾക്ക് ഒരു ഏക്കറോ, അതിൽ കൂടുതലോ സ്ഥലവുമുണ്ട്.

പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകളിൽ, ഒരു കുടുംബം മാത്രമാണ് പ്രസ്തുത സ്ഥലം താമസത്തിനായി ഉപയോഗിക്കുന്നത്. പദ്ധതി ബാധിതരിൽ ആരുടേയും വീടുകൾ പദ്ധതി ബാധിതമാകുന്നില്ല.

**4.9.കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ ഒരു ഭൂവുടമയുടേതൊഴിച്ച് യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല. മുഹമ്മദ് അഷ്കർ തെന്നഞ്ചേരി എന്ന ഭൂവുടമയാണ് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ പദ്ധതി പ്രദേശത്ത് ഭൂമി വാങ്ങിയിട്ടുള്ളത്.

# അദ്ധ്യായം – 5
# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ റോഡ് വികസനത്തിന് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലം ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെയും, ഉപജീവനത്തിനായോ താമസത്തിനായോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെയും, പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും, പദ്ധതി മൂലം മറ്റേതെങ്കിലും രീതിയിൽ ബാധിക്കപ്പെടുന്നവരെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്. മണാശ്ശേരി –കൂളിമാട് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായി പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുണ്ടെന്ന് മനസിലാക്കുന്നു.

### 5.1.1 പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ (ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)

മണാശ്ശേരി–കൂളിമാട് റോഡിൻെറ നിർമ്മാണത്തിന് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്നും ഏകദേശം 0.5322 ഹെക്ടർ സ്ഥലമാണ് നിലവിൽ ഏറ്റെടുക്കുന്നത്. പ്രസ്തുത സ്ഥലങ്ങളുടെ ഉടമകളായ 20 ഉടമകളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

*പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ*

| ക്രമ നമ്പർ | ഉടമയുടെ പേര് | സർവ്വെ നമ്പർ | ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ |
|---|---|---|---|
| 1 | കോയക്കുട്ടി, പായൂർ, 9539006004 (ഹാരോൺ) | 50/11 | നെല്ല്, വാഴ കൃഷി ചെയ്തിരുന്ന സ്ഥലത്തിൽ കുറവ് |
| 2 | മുഹമ്മദ് അഷ്കർ, തെന്നഞ്ചേരി പി.ഒ, പായൂർ, 9544171006 | 32/50 | സ്ഥലം, പച്ചക്കറി, വാഴ കൃഷി,<br>പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉടമസ്ഥത യിലുള്ള കെട്ടിടത്തിലെ സ്വന്തം/വാടകക്ക് നൽകിയിരിക്കുന്ന വ്യാപാര സ്ഥാപനങ്ങളു ടെ പ്രവർത്തനം തടസ്സപ്പെടുന്നത് മൂലം കുടുംബത്തിന്റെ ഉപജീവന മാർഗ്ഗമായി രുന്ന വരുമാന /വാടക നഷ്ടം. |
| 3 | അബ്ദുൾ മജീദ്, തിരുത്തിയിൽ, പായൂർ പി.ഒ, 9447051212 | 32/37,<br>32/38 | സ്ഥലം, സ്ഥലം, അക്വേഷ്യ മരം |
| 4 | അറളയിൽ മൊയ്തീൻ ഹാജി ചാരിറ്റബിൾ ട്രസ്റ്റ് (AMCT), 9544900129 (സെക്രട്ടറി അബ്ദുന്നാസിർ) | 32/58 | സ്ഥലം, വായനശാല മുകളിലും, ടൈത്സ് ഷോപ്പ് താഴെയുമായി പ്രവർത്തിക്കുന്ന കെട്ടിടം പൂർണ്ണമായി നഷ്ടപ്പെട്ടു. |
| 5 | ഫഹദ്, അഹമ്മദ്, ഫാത്തിമ നജ്മ, മാനൊടികയിൽ, 9946263296 | | നെല്ല്, വാഴ കൃഷി ചെയ്തിരുന്ന സ്ഥലത്തിൽ കുറവ് |
| 6 | ഇസ്മയിൽ എൻ.സി, മാനൊടികയിൽ, പായൂർ പി.ഒ, 9447537873 | 32/29 | സ്ഥലം, വാഴ, പൂള, ചേമ്പ് കൃഷി |
| 7 | മറിയം മുതൽപ്പേർ, എറക്കോട് ഹൗസ്, പായൂർ പി.ഒ, 9400740340 /8848721457 | 32/64,<br>32/66 | നെൽകൃഷി ചെയ്തിരുന്ന സ്ഥലം മുക്കാൽ ഭാഗത്തോളം നഷ്ടപ്പെടും. കല്ല് കൊണ്ട് കെട്ടിയ അതിർത്തി. |
| 8 | ഫാത്തിമ വി., പായോളി, പായൂർ, മാവൂർ പി.ഒ | 18/ | നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലം |

| | | | |
|---|---|---|---|
| 9 | അഫ്സൽ എ., അത്തോളി ഹൗസ്, പായൂർ പി.ഒ, 9645342775 | 50 | സ്ഥലം, സ്ഥലത്തിലേക്കുണ്ടായിരുന്ന റാമ്പ്, കൃഷി. |
| 10 | സഫറുള്ള ടി, കൂളിമാട്, മണ്ണിൽ ഹൗസ്, പായൂർ പി.ഒ, 9605568256 | 52/2B | സ്ഥലം |
| 11 | അബ്ദുൾ ജബ്ബാർ കോയതങ്ങൾ, പായൂർ പി.ഒ, 9946774175 | 52, 32 | സ്ഥലം, തെങ്ങ്-2, കവുങ്ങ്-15<br>വരുമാനം നഷ്ടപ്പെടും |
| 12 | അബ്ദുന്നാസിർ കരുവന്തൊടിക, 9544900129 | 32/34, 35, 36 | വാഴ, നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലം. |
| 13 | ഖാലിദ്, കരുവന്തൊടിക, 9544900125 | 50/30, 31, 32 | കൃഷി ചെയ്തിരുന്ന സ്ഥലം. |
| 14 | സുൽഫിക്കർ എൻ.സി, നെല്ലിക്കോട്ട്ചാലിൽ, പായൂർ പി.ഒ, 9446164187 | | വാഴ, നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലം., സ്ഥലത്തിലേക്കുണ്ടായിരുന്ന റാമ്പ്. |
| 15 | പായൂർ കൂളിമാട് മഹല്ല് മുസ്ലീം ജമായത്ത് കമ്മിറ്റി, കൂളിമാട്, 9447478401/ 9447243606 | 52 | നാല് പ്ലോട്ടുകളിൽ നിന്നുള്ള സ്ഥലം |
| 16 | ജിൻഷിന യു.കെ W/O മുഹമ്മദ് ഷാക്കീർ കുന്നത്ത് മലയിൽ, നീലേശ്വരം 7025010011 | 32/52 | വഴി |
| 17 | ആസ്യ W/O മുഹമ്മദ്, കുന്നത്ത് എരഞ്ഞിപ്പറമ്പ്, പാഴൂർ, 9562994935 | 32/49 | വഴി |
| 18 | അയിഷ, കൊഴിമണ്ണിൽ, പാഴൂർ, 9447635960<br>കദീജ, കൊഴിമണ്ണിൽ, പാഴൂർ, 9656212801 | 32/54 | വാഴ, നെല്ല് കൃഷി ചെയ്തിരുന്ന സ്ഥലം., സ്ഥലത്തിലേക്കുണ്ടായിരുന്ന റാമ്പ്. |

| | | | |
|---|---|---|---|
| | സൈനബ, കൊഴിമണ്ണിൽ, പാഴൂർ | 32/55 | |
| 19 | ചെറുബീവി, അരയങ്കോട്കുഴി, പാഴൂർ പി.ഒ, 9645298917 | 32/53 | സ്ഥലം പൂർണ്ണമായി. |
| 20 | അക്ഷര വായനശാല, പാഴൂർ, പി.ഒ, 9946263296 | | സ്ഥലം (കളിക്കുന്ന ഗ്രൗണ്ടിൻെറ പ്രധാന ഭാഗം നഷ്ടപ്പെടും), ഒരു മുറി വായന ശാല പൂർണ്ണമായും |

**5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

വനവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

**5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശ ത്തില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഏറ്റെടുക്കപ്പെടുന്ന സ്ഥലം നഗര പ്രദേശമല്ല.

**5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കൃഷി/കൃഷിയിടം, വ്യാപാര സ്ഥാപനം എന്നിവ നഷ്ടപ്പെടുന്നുണ്ടെങ്കിലും അത് മൂലം ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നില്ല. എന്നാൽ, സമീപത്തെ ഒരു കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം പദ്ധതി

നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടുന്നത് മൂലം ഭൂവുടമക്കും, വാടകക്കാർക്കും, തൊഴിലാളികൾക്കുമുൾപ്പെടെ ജീവനോപാധി തടസ്സപ്പെട്ടതായി അറിയിച്ചു.

### *5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)*

AMCT ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ കെട്ടിടം പദ്ധതിക്ക് വേണ്ടി പൂർണ്ണമായി പൊളിച്ച് നീക്കിയിട്ടുള്ളതിനാൽ, ഈ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വായനശാല, ബുഷ്റ, മുഹമ്മദ് കുട്ടി, ഹബീബ എന്നിവരുടെ ഉടമസ്ഥതയിലുള്ള 'എ.ആർ സെയിത്സ് കോർപ്പറേഷൻ' എന്ന സ്ഥാപനം എന്നിവ ബാധിക്കപ്പെടുന്നു. കൂടാതെ, പദ്ധതി നിർമ്മാണഘട്ടത്തിൽ സമീപത്തെ കെട്ടിടത്തിലെ വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്നത് മൂലം വാടകയിനത്തിലും സ്വന്തമായി നടത്തുന്ന ഹോട്ടൽ, വർക്ക്ഷോപ്പ് എന്നിവയിൽ നിന്നുള്ള വരുമാന ഇനത്തിലും ലഭിച്ചു കൊണ്ടിരുന്ന വരുമാനം നിലച്ചത് മൂലം, ഈ കാലയളവിൽ കെട്ടിട ഉടമ മുഹമ്മദ് അഷ്കർ തെന്നഞ്ചേരിയുടെ ഉപജീവന മാർഗ്ഗം തടസ്സപ്പെടുന്നു. കൂടാതെ, ടി ഹോട്ടൽ, വർക്ക് ഷോപ്പ് എന്നിവിടങ്ങളിലെ 5 ജോലിക്കാർ, കെട്ടിടത്തിലെ മറ്റ് വാടകക്കാർ എന്നിവരുടെയും വരുമാനം പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടുന്നു.

വായന ശാല ബാധിക്കപ്പെട്ടത് മൂലം വായന ശാലയെ ആശ്രയിച്ചിരുന്നവരും, വായന ശാലയുടെ പേരിലുള്ള കളിസ്ഥലം ബാധിക്കപ്പെടുന്നത് മൂലം കായിക വിനോദത്തിനായി ഈ ഗ്രൗണ്ടിനെ ആശ്രയിച്ചിരുന്ന കുട്ടികൾ/യുവാക്കളും പരോക്ഷ ആഘാത ബാധിതരിൽ പെടുന്നു.

### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതരാകുന്ന 14 ഭൂവുടമകളുടെ സ്ഥലങ്ങൾ നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയ വിളകൾ കൃഷി ചെയ്തുകൊണ്ടിരുന്നതോ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നതോ ആണ്.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതി ബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവി ഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബ ങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

ചാത്തമംഗലം ഗ്രാമ പഞ്ചായത്തിൽ വാർഡ് 10 ൽ ഉൾപ്പെടുന്നതാണ് പദ്ധതി പ്രദേശം. പ്രദേശത്തെ ജനസംഖ്യാപരമായ വിവരം പരിശോധിച്ചാൽ, ചാത്തമംഗലം ഗ്രാമ പഞ്ചായ ത്തിലെ 23 വാർഡുകളിൽ 10,526 കുടുംബങ്ങളിലായി 23,567 പുരുഷന്മാരും 23,121 സ്ത്രീക ളും ഉൾപ്പെടെ 46,688 പേർ താമസിക്കുന്നു. ജനസംഖ്യയിൽ 50.5 ശതമാനവും പുരുഷ ന്മാരാണ്. പട്ടിക ജാതി ജനസംഖ്യ 12.6 ശതമാനവും (5,888), പട്ടിക വർഗ്ഗ ജനസംഖ്യ 0.23 ശതമാനവും (109) ആണ് (Department of Panchayats, Govt. of Kerala)

പദ്ധതി ബാധിതരാകുന്ന 20 ഭൂവുടമകളെയാണ് സാമൂഹ്യ സാമ്പത്തിക സർവ്വെയിൽ കണ്ടെത്തിയത്. ഇതിൽ, ഒന്ന് മുസ്ലീം മഹല്ല് കമ്മിറ്റിയും, വേറൊന്ന് വായനശാല കമ്മി റ്റിയും, മറ്റൊന്ന് ഒരു ട്രസ്റ്റുമാണ്. ബാക്കി വരുന്ന പദ്ധതി ബാധിത കുടുംബങ്ങളുടെ ജനസംഖ്യാപരമായ വിവരങ്ങൾ പരിശോധിച്ചാൽ, പദ്ധതി ബാധിത കുടുംബങ്ങൾ എല്ലാം തന്നെ മുസ്ലീം മത വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ്.

സർവ്വെയിൽ ജനസംഖ്യാപരമായ വിവരം നൽകിയ ഭൂവുടമകളുടെ കുടുംബങ്ങളിൽ, 50.6 ശതമാനം പുരുഷന്മാരും 49.4 ശതമാനം സ്ത്രീകളും ഉൾപ്പെടുന്നു. പ്രധാനമായും 4-6 അംഗങ്ങളുള്ള കുടുംബങ്ങളാണ്. പദ്ധതി ബാധിത കുടുംബങ്ങളിൽ, 16 ശതമാനം പേർ 18 വയസ്സിൽ താഴെയുള്ള കുട്ടികളും 12.9 ശതമാനം പേർ 60 വയസ്സിന് മുകളിൽ ഉള്ളവരുമാണ്.

### 6.2. വരുമാനവും ദാരിദ്ര്യതലവും

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള ഭൂവുടമകളുടെ കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം, വരുമാനം തുടങ്ങിയ വിവരങ്ങളാണ് തുടർന്ന് പ്രതിപാദിക്കുന്നത്.

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം കൃഷിയോ, കച്ചവടമോ ആണ്. ഗവൺമെൻറ് ജീവനക്കാരോ, പെൻഷൻ പറ്റിയവരോ പദ്ധതി ബാധിതരിൽ ഉൾപ്പെടുന്നു. വിവരം നൽകിയ കുടുംബങ്ങൾ എല്ലാം തന്നെ ദാരിദ്ര്യ രേഖക്ക് മുകളിലുള്ളവർക്കുള്ള വെള്ളയോ, നീലയോ നിറത്തിലുള്ള റേഷൻ കാർഡാണ് കൈവശം വച്ചിരിക്കുന്നത്.

### 6.3. ദുർബലജനവിഭാഗം

പദ്ധതിബാധിത കുടുംബാംഗങ്ങളിലെ 16 ശതമാനം കുട്ടികളും (18 വയസിൽ താഴ) 12.9 ശതമാനം വയോജനങ്ങളുമാണ് (60 വയസും അതിൽ കൂടുതലും).

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

പദ്ധതി ബാധിതമാകുന്ന സ്ഥലങ്ങളുടെ നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, 20 ൽ 14 പേരും കൃഷിക്കായാണ് ടി സ്ഥലം ഉപയോഗിക്കുന്നത്. ബാക്കി 6 പേരിൽ മഹല്ല് കമ്മിറ്റിയുടെ യോഗങ്ങൾ, പൊതു പരിപാടികൾ നടത്തുന്ന സ്ഥലവും(1), വായന ശാല /വ്യാപാര സ്ഥാപനം(1) പ്രവർത്തിക്കുന്ന സ്ഥലവും, വഴിയായി ഉപയോഗിക്കുന്ന (2) സ്ഥലവും, താമസത്തിനുപയോഗിക്കുന്ന(1) സ്ഥലവും, കളിസ്ഥലവും (1) ഉൾപ്പെടുന്നു.

സർവ്വെയിൽ പങ്കെടുത്ത ഭൂവുടമകളിൽ, പദ്ധതി ബാധിത സ്ഥലത്ത് കൃഷി ചെയ്തിരുന്നവരിൽ (14), ഭൂരിഭാഗം പേരും ടി ഭൂമി ഏറ്റെടുക്കൽ തങ്ങളുടെ കൃഷിയേയോ, കൃഷി സ്ഥലത്തേയോ ബാധിക്കുന്നത് മൂലം ചെറിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് അറിയിച്ചു. കൂടാതെ, ട്രസ്റ്റിൻെറ സ്ഥലത്ത് ടൈത്സ് വ്യാപാരം നടത്തിക്കൊണ്ടിരുന്ന വാടകക്കാരന് കെട്ടിടം പൊളിച്ചത് മൂലം വരുമാന നഷ്ടവും, ട്രസ്റ്റിന് അതിൽ നിന്നുള്ള വാടക വരുമാനവും നഷ്ടപ്പെട്ടു.

### 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

നിർദ്ദിഷ്ട റോഡിന് സമീപം പ്രവർത്തിച്ചിരുന്ന ഒരു കെട്ടിടത്തിലെ ഹോട്ടൽ, വർക്ക് ഷോപ്പ്, ബാർബർ ഷോപ്പ് എന്നിവ പദ്ധതി നിർമ്മാണ പ്രവർത്തികൾ നടക്കുന്നത് മൂലം

നിർത്തിവക്കേണ്ടി വരികയും, ഭൂവുടമക്കും, വാടകക്കാർക്കും, തൊഴിലാളികൾക്കും വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യിട്ടുണ്ട്. പദ്ധതി ബാധിത പ്രദേശത്ത് മറ്റ് സാമ്പത്തിക പ്രവർത്തനങ്ങൾ ഒന്നും നിലവിലില്ല.

**6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ**

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കച്ചവടം, കൃഷി എന്നിവയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണ്. കൂടാതെ, ഗവൺമെൻറ് സർവീസ് / സർവ്വീസ് പെൻഷൻ എന്നിവയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന കുടുംബങ്ങളുമുണ്ട്.

**6.7 കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും**

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് ഏതെങ്കിലും സാംസ്കാരിക സംഘടനകൾ ഉള്ളതായി കണ്ടില്ല.

**6.8 ഭരണ സംഘടനകൾ**

പദ്ധതി പ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

**6.9 രാഷ്ട്രീയ സംഘടനകൾ**

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

**6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ**

അറളയിൽ മൊയ്തീൻ ഹാജി ചാരിറ്റബിൾ ട്രസ്റ്റ് (AMCT), കൂളിമാട് മഹല്ല് മുസ്ലീം ജമായത്ത് കമ്മിറ്റി, അക്ഷര വായനശാല കമ്മിറ്റി എന്നീ സംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നുണ്ട്.

**6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ**

കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന റോഡാണ് മണാശ്ശേരി – കൂളിമാട് റോഡ്. മണാശ്ശേരി, കോഴിക്കോട് – മുക്കം റോഡിലേയും, കൂളിമാട്, മെഡിക്കൽ കോളേജ് – അരീക്കോട് റോഡിലേയും പ്രധാന ജംഗ്ഷനുകളാണ്. കൂളിമാട് ജംഗ്ഷൻ ചാലിയാർ നദിക്ക് സമീപമാണ് സ്ഥിതി ചെയ്യുന്നത്. 25 കോടി ബഡ്ജറ്റിൽ നിർമ്മിക്കുന്ന കൂളിമാട് പാലം മലപ്പുറം – കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഒരു എളുപ്പവഴിയാണ്. കൂളിമാട് പാലത്തിൻെറ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ, വയനാട് ജില്ലയിൽ

നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമെല്ലാം കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പമാർഗ്ഗം എന്നുള്ളതിനാൽ തന്നെ മണാശ്ശേരി-കൂളിമാട് റോഡിൽ വലിയ തോതിലുള്ള ഗതാഗതം ഉണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്. ഈ റൂട്ടിൽ കച്ചവടം, കാർഷികം, വിനോദ സഞ്ചാരം, തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള വാണിജ്യ, യാത്രാ വാഹനങ്ങളുടെ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നു. അതിനാൽ തന്നെ മണാശ്ശേരി-കൂളിമാട് റോഡ് രണ്ട് വർഷത്തിനുള്ളിൽ ഒരു പ്രധാന ജില്ലാ റോഡായി മാറും.

ഈ റോഡിൻെറ പ്രാധാന്യം മനസ്സിലാക്കി സംസ്ഥാന ഗവണ്മെൻറ് മണാശ്ശേരി മുതൽ പുൽപ്പറമ്പ് വരെയുള്ള സ്ട്രെച്ചിൻെറ നിർമ്മാണത്തിന് കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി നൽകി. നിലവിൽ അതിൻെറ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മണാശ്ശേരി – കൂളിമാട് റോഡിൻെറ ബാക്കി വരുന്ന പുൽപ്പറമ്പ് മുതൽ കൂളിമാട് വരെയുള്ള (Km 3/300 – 6/100) റോഡിന് 400 ലക്ഷം രൂപയുടെ ബഡ്ജറ്റിൽ അനുമതി നൽകുകയും, ചെയ്നേജ് 5/537 വരെയുള്ള ഭാഗം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ചെയ്നേജ് 5/537 ന് ശേഷമുള്ള ഭാഗം വെള്ളക്കെട്ടുള്ള ചതുപ്പ് നിലമായതി നാൽ ആ പദ്ധതിയിൽ പൂർത്തിക്കരിക്കാൻ കഴിഞ്ഞില്ല. അതിനാൽ, 5.967 മീറ്റർ നീളമുള്ള മണാശ്ശേരി-കൂളിമാട് റോഡിൻെറ, മുൻ പദ്ധതിയിൽ പൂർത്തീകരിക്കാൻ കഴിയാത്ത ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള ഭാഗ ത്തിൻെറ വികസനമാണ് നിലവിലെ പദ്ധതി. പദ്ധതി നിലവിൽ വരുമ്പോൾ വയനാട് ജില്ലയിൽ നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നു മെല്ലാം കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പ മാർഗ്ഗം എന്നുള്ളതിനാൽ യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ റോഡ് യാത്രികരുടെ സുരക്ഷാ സാധ്യതകൾ മെച്ചപ്പെടു കയും ചെയ്യും. കൂടാതെ, മഴക്കാലത്ത് വെള്ളക്കെട്ടിൽ റോഡ് മുങ്ങി കൂളിമാട് പ്രദേശ ത്തുള്ള കുറേ കുടുംബങ്ങൾ ഒറ്റപ്പെട്ട് പോകാറുണ്ട്, നിലവിലെ പദ്ധതി പൂർത്തീകരി ക്കുമ്പോൾ, ഈ പ്രശ്നത്തിന് ഒരു പരിഹാരമാകുകയും പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാവുകയും ചെയ്യും.

### 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം വിവിധ ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തിക്കൊണ്ടിരിക്കുന്നത്. ആദ്യഘട്ടത്തിൽ ജൂൺ 26 തീയതിയിൽ പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തി പ്രദേശത്തിന്റെ പ്രത്യേകതകളും, പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പൊതുവിൽ വിലയിരുത്തുകയും പ്രദേശത്ത് താമസിക്കുന്ന പദ്ധതി ബാധിത കുടുംബങ്ങളിൽ മുൻപേ തയ്യാറാക്കിയ സാമൂഹ്യ-സാമ്പത്തിക സർവേ ചോദ്യാവലി ഉപയോഗിച്ച് വിവരശേഖരണം നടത്തി തുടർന്ന്, പദ്ധതി പ്രദേശത്ത് താമസമില്ലാത്തതും നേരിൽ കാണുവാൻ കഴിയാതിരുന്ന തുമായ ഭൂവുടമകളിൽ നിന്ന് ടെലഫോൺ മുഖാന്തിരവും വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിന്റെ അടുത്ത ഘട്ടമായി ആഗസ്റ്റ് 12 തീയതിയിൽ കൂളിമാട് മദ്രസ ഹാളിൽ ഉച്ചക്ക് 2.30 മണിക്ക് ഒരു പബ്ലിക് ഹിയറിങ്ങ് സംഘടിപ്പിച്ചു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം സർവ്വേയിലൂടെ ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്തും, പദ്ധതിയെക്കുറിച്ച് അർത്ഥനാധികാരിയിൽ നിന്നും ലഭിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർ ട്ടിന്റെ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും, ടി റിപ്പോർട്ടിലേക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും നിർദ്ദേശിക്കുന്നതിന് പദ്ധതിബാധിത ഭൂവുടമകൾക്ക് അവസരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയ ത്തിൽ നിന്നും അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും പബ്ലിക് ഹിയറിങ്ങിൽ ഉണ്ടായിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പദ്ധതി ബാധിതർ ഉന്നയിച്ച ചോദ്യങ്ങൾക്ക് ഉദ്യോഗസ്ഥർ പബ്ലിക് ഹിയറി ങ്ങിൽ മറുപടി നൽകി.

## 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി-കൂളിമാട് റോഡിന്റെ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ റോഡ് വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള

വ്യാപാര സ്ഥാപനം പദ്ധതി ബാധിതമാകൽ, ഉപജീവനം തടസ്സപ്പെടൽ, വരുമാനം നഷ്ടമാകൽ, കൃഷി നഷ്ടമാകൽ, വായന ശാല നഷ്ടപ്പെടൽ, തുടങ്ങിയ വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനഃരധിവാസ– പുനഃസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- ഉപജീവനമാർഗം തടസ്സപ്പെടുന്ന / നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.
- മുഹമ്മദ് അഷ്കർ എന്ന ഭൂവുടമയുടെ, മണാശ്ശേരി – കൂളിമാട് റോഡിന് സമീപമുള്ള കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം പദ്ധതി നിർമ്മാണഘട്ടത്തിൽ തടസ്സപ്പെട്ടതിനാൽ കെട്ടിടത്തിൽ ഉപജീവനം നടത്തിയിരുന്ന തൊഴിലാളികൾക്കും, വാടകക്കാർക്കും, കെട്ടിട ഉടമക്കും ടി കാലയളവിൽ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് അറിയിച്ചത് പരിശോധിച്ച്, അർഹരായവരെ നഷ്ടപരിഹാര നടപടികളിൽ ഉൾപ്പെടുത്തുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിലും പദ്ധതി പൂർത്തീകരണത്തിന് ശേഷവും ഭൂവുടമകൾക്ക് / സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- റോഡ് ഉയരത്തിൽ വരുന്നത് മൂലം ഭൂവുടമകളുടെ ബാക്കി വരുന്ന സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുന്നതിന് ശാസ്ത്രീയമായ മുൻകരുതലുകൾ പദ്ധതി നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം..

- ഉയരത്തിലുള്ള റോഡിൽ നിന്ന് സമീപത്തുള്ള വസ്തുവകകളിലേക്ക് പ്രവേശനം നഷ്ടപ്പെടാത്ത വിധത്തിൽ റാമ്പോ, മറ്റ് സൗകര്യങ്ങളോ ഒരുക്കണം.
- കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ പോകുന്നതിനുള്ള റാമ്പുകൾ വേണമെന്ന ഭൂവുടമ കളുടെ ആവശ്യം പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്ര സാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർമ്മാണ മാലിന്യങ്ങൾ മൂലം കാന/കലുനിലെ ഒഴുക്ക് തടസ്സപ്പെട്ട് വെള്ളക്കെട്ടു ണ്ടാകുന്നുണ്ടെന്ന പരാതിയുടെ നിജ സ്ഥിതി പരിശോധിച്ച് വേണ്ട നടപടികൾ കൈകൊള്ളുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാ സത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാ രവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാന ത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ- പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ മണാശ്ശേരി-കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള ഭാഗത്തിൻെറ വികസനത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

വിവരം ലഭ്യമല്ല.

### 7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

### 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/ 2017/RD പ്രകാരവും പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ മണാശ്ശേരി-കൂളിമാട് റോഡിന്റെ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള ഭാഗത്തിന്റെ വികസന പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും | ന്യായമായ ഭൂമി വിലയും നിയമാധി ഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് |

| | | | | |
|---|---|---|---|---|
| | | പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | പുനഃരധിവാസത്തിനും പുനഃ | ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| **2** | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARRനിയമം2013ഒന്നാംപട്ടികപ്രകാരവും അനുബന്ധ മായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | സ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യ പ്പെടുത്തുകയും ചെയ്യുക |
| **3** | ഉപജീവനമാർഗം /വരുമാനം നഷ്ടമാകൽ | RFCTLARRനിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബ ന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ–പുന:സ്ഥാപന പാക്കേജ് നൽകുക | | ഉപജീവനം/വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്കും, പദ്ധതി പ്രദേശത്ത് 3 വർഷത്തിലധികമായി തൊഴിൽ ചെയ്യുന്ന, വിശ്വസനീയമായ രേഖകളുള്ള വാടകക്കാർക്കും തൊഴിലാളികൾക്കും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ – പുനസ്ഥാപന പാക്കേജിന് പരിഗണന. |
| **4** | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടി തവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിന്റെ പരിസ്ഥിതിക്ക്ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായും നീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| **8** | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെ ടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശ ത്തെ പരിസ്ഥിതി ക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ,പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

### 8.1 സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43– ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. മണാശ്ശേരി–കൂളിമാട് റോഡിൻെറ, ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിൽ പൂളക്കോട് വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിൻെറ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് ആണ്. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് ആണ്

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

2. പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിൻെറ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതിബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതിബാധിത വ്യക്തിയുടെ/കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ട

പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. ഗവൺമെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടനകളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപന ത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് (ഓട്ടോണമസ്), കളമശ്ശേരിയെ മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെ 430 മീറ്റർ നീളത്തിലുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 മാർച്ച് 12 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 944 ൽ പ്രസിദ്ധീകരിച്ച DCKKD/10704/2024-B3 നമ്പർ വിജ്ഞാപനത്തിലൂടെ കോഴിക്കോട് ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

### 9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.5322 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നതിന് വിജ്ഞാപനം ചെയ്തിരിക്കുന്നത്. പദ്ധതിക്ക് വേണ്ടി കുടുംബങ്ങൾ കുടി ഒഴിയേണ്ടി വരുന്നത് പോലുള്ള വലിയ പ്രത്യാഘാതങ്ങൾ ഇല്ല എങ്കിലും, ഭൂമി ഏറ്റെടുക്കുമ്പോൾ കച്ചവട സ്ഥാപനം നഷ്ടപ്പെടുക, വായനശാല ബാധിക്കപ്പെടുക, കൃഷി സ്ഥലം നഷ്ടപ്പെടുക, തെങ്ങ്, കവുങ്ങ് മുതലായ ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുക, തുടങ്ങിയ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുണ്ട്. കൂടാതെ, പദ്ധതി നിർമ്മാണ ഘട്ടത്തിൽ സമീപത്തുള്ള ഒരു കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുന്നതിനാൽ അതിലെ വാടകക്കാർ, തൊഴിലാളികൾ, കെട്ടിട ഉടമ എന്നിവർക്കും വരുമാനമോ ഉപജീവന മാർഗ്ഗമോ തടസ്സപ്പെടുന്നുണ്ട്. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ– പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്യും.

### 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

ബാധകമല്ല

### 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- കുടുംബങ്ങളുടെ ഉപജീവനവും അടിസ്ഥാന സൗകര്യങ്ങളും തടസപ്പെടാത്ത വിധത്തിൽ സമയാധിഷ്ടിതമായ പുന:സ്ഥാപന നടപടികൾ
- സമയാധിഷ്ടിതമായ ഭൂമിയേറ്റെടുക്കൽ നടപടികൾ
- പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

മണാശ്ശേരി–കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന ഡെപ്യൂട്ടി കളക്ടർ (എൽ.എ), കോഴിക്കോട് പദ്ധതിയുടെ പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. ടി പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ), KCRIP, കോഴിക്കോട് ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ), തയ്യാറാക്കുന്ന പുനരധിവാസ–പുനസ്ഥാപന സ്കീമിൻെറ കരട് രേഖ

ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

കോഴിക്കോട് ജില്ലയിലെ ഒരു പ്രധാന റോഡാണ് മണാശ്ശേരി – കൂളിമാട് റോഡ്. മലപ്പുറം – കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന കൂളിമാട് പാലത്തിൻെറ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ, വയനാട് ജില്ലയിൽ നിന്നും, മുക്കം, തിരുവമ്പാടി, താമരശ്ശേരി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമെല്ലാം കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പമാർഗ്ഗം എന്നുള്ളതിനാൽ തന്നെ മണാശ്ശേരി–കൂളിമാട് റോഡിൽ വലിയ തോതിലുള്ള ഗതാഗതം ഉണ്ടാകുവാനുള്ള സാധ്യത കൂടുതലാണ്. ഈ റൂട്ടിൽ കച്ചവടം, കാർഷികം, വിനോദ സഞ്ചാരം, തുടങ്ങിയ ആവശ്യങ്ങൾക്കായുള്ള വാണിജ്യ, യാത്രാ വാഹനങ്ങളുടെ വലിയ വർദ്ധനവ് പ്രതീക്ഷിക്കുന്നു. കോഴിക്കോട് വിമാന താവളം, ഗുരുവായൂർ എന്നിവിടങ്ങളിലേക്കുള്ള എളുപ്പമാർഗ്ഗം എന്നുള്ളതിനാൽ യാത്രക്കാർക്ക് യാത്രാസമയം, ഇന്ധനചെലവ്, ഗതാഗത തടസം എന്നിവ കുറയും. കൂടാതെ, കൂളിമാട് പ്രദേശം വെള്ളക്കെട്ടുള്ളതും, പ്രത്യേകിച്ച് മഴക്കാലത്ത് വെള്ളപ്പൊക്കം മൂലം റോഡ് വെള്ളത്തിൽ മുങ്ങി പ്രദേശവാസികൾ ഒറ്റപ്പെടുന്ന സാഹചര്യം ഉണ്ടാകാറുള്ളതുമാണ്. പദ്ധതി പൂർത്തീകരിക്കുന്നതോട് കൂടി ഈ പ്രശ്നത്തിന് ഒരു പരിഹാരമാവും. മാത്രമല്ല പ്രദേശത്തിൻെറ സമഗ്ര വികസനത്തിനും ടി പദ്ധതി കാരണമാകും.

കോഴിക്കോട് താലൂക്കിലെ പൂളക്കോട് വില്ലേജിൽ നിന്നും 0.5322 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ, പ്രത്യേകിച്ച് കൃഷി ഭൂമിയിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ആസ്തികൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതിബാധിതമാകുന്ന സ്ഥലത്തെ ഒരു വ്യാപാര സ്ഥാപനവും, വായന ശാലയും പൂർണ്ണമായും പൊളിച്ച് നീക്കേണ്ടിവരികയും ഫല വൃക്ഷങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. കൂടാതെ, സമീപത്തെ ഒരു കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം പദ്ധതി നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെടുകയും കെട്ടിട ഉടമ, വാടകക്കാർ, തൊഴിലാളികൾ എന്നിവരുടെ ഉപജീവനമോ, വരുമാനമോ തടസ്സപ്പെടുകയും ചെയ്യുന്നുണ്ട്. ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ ഒരു കളിസ്ഥലവും ഉൾപ്പെടുന്നതിനാൽ, പ്രദേശത്തെ കായിക വിനോദത്തേയും

പദ്ധതി ബാധിക്കുന്നു. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമായേക്കാം എന്നതിനാൽ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സർവ്വെ യിൽ പങ്കെടുത്ത എല്ലാ ഭൂവുടമകൾക്കും പദ്ധതിയെക്കുറിച്ച് അനുകൂല മനോഭാവമാണ് എന്ന് മനസിലാക്കുന്നു.

### 11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

കോഴിക്കോട് ജില്ലയിൽ മണാശ്ശേരി-കൂളിമാട് റോഡിൻെറ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡിൻെറ വികസന പദ്ധതിക്ക് വേണ്ടി പൂളക്കോട് വില്ലേജിൽ നിന്ന് ഏകദേശം 0.5322 ഹെക്ടർ ഭൂമി ഏറ്റെടുക്കു ന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധ തി മൂലം ഏതാനും ഭൂവുടമകൾക്ക് മേൽ പറഞ്ഞ നഷ്ടങ്ങൾ ഉണ്ടാകുവാനിടയുണ്ടെ ങ്കിലും പദ്ധതി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്ന് മാത്രമല്ല തൊട്ടടുത്ത ജില്ലകളിലെ ജനങ്ങൾക്കും പ്രയോജന പ്രദമാകും എന്നതിനാൽ പദ്ധതി ബാധിത കുടുംബങ്ങൾ ഉൾപ്പടെയുള്ള പ്രദേശവാസികൾക്ക് പദ്ധതിയോട് അനുകൂല മനോഭാവമാണുള്ളത് എന്ന് പഠന സംഘം മനസിലാക്കുന്നു ആയതിനാൽ ഭൂമി ഏറ്റെടു ക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No. 485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം, പുനരധിവാസം, പുനസ് ഥാപനം എന്നിവ നൽകുന്നതിലൂടെ ഭൂമി ഏറ്റെടുക്കൽ മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാ നിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

ആയതിനാൽ കുടുംബങ്ങൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവ യഥാസമയം നൽകിയും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി

പരിഗണിച്ച്കൊണ്ടും മണാശ്ശേരി–കൂളിമാട് റോഡിന്റെ ചെയ്നേജ് 5/537 മുതൽ 5/967 കിലോമീറ്റർ വരെയുള്ള 430 മീറ്റർ നീളത്തിലുള്ള റോഡിന്റെ വികസന പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിലെ പൂളക്കോട് വില്ലേജിൽ നിന്നും ഹെക്ടർ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഉപജീവനമാർഗം തടസ്സപ്പെടുന്ന / നഷ്ടമാകുന്ന കുടുംബങ്ങൾക്ക് അവരുടെ ദൈനംദിന ജീവിതാവശ്യങ്ങൾക്ക് ഭംഗം നേരിടാതിരിക്കുന്നതിന് സമയാധിഷ്ടിതമായി നഷ്ടപരിഹാരം നൽകുക.

- മുഹമ്മദ് അഷ്കർ എന്ന ഭൂവുടമയുടെ, മണാശ്ശേരി – കൂളിമാട് റോഡിന് സമീപമുള്ള കെട്ടിടത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനം പദ്ധതി നിർമ്മാണ ഘട്ടത്തിൽ തടസ്സപ്പെട്ടതിനാൽ കെട്ടിടത്തിൽ ഉപജീവനം നടത്തിയിരുന്ന തൊഴിലാളികൾക്കും, വാടകക്കാർക്കും, കെട്ടിട ഉടമക്കും ടി കാലയളവിൽ നഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് അറിയിച്ചത് പരിശോധിച്ച്, അർഹരായവരെ നഷ്ടപരിഹാര നടപടികളിൽ ഉൾപ്പെടുത്തുക.

- പദ്ധതി നിർമ്മാണ ഘട്ടത്തിലും പദ്ധതി പൂർത്തീകരണത്തിന് ശേഷവും ഭൂവുടമകൾക്ക് / സമീപത്തുള്ള കുടുംബങ്ങൾക്ക് തങ്ങളുടെ വീടുകളിലേക്കും വസ്തുവകകളിലേക്കും പ്രവേശനം തടസപ്പെടാത്ത വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.

- റോഡ് ഉയരത്തിൽ വരുന്നത് മൂലം ഭൂവുടമകളുടെ ബാക്കി വരുന്ന സ്ഥലങ്ങളിൽ വെള്ളക്കെട്ട് ഉണ്ടാകാതിരിക്കുന്നതിന് ശാസ്ത്രീയമായ മുൻകരുതലുകൾ പദ്ധതി നിർമ്മാണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം..

- ഉയരത്തിലുള്ള റോഡിൽ നിന്ന് സമീപത്തുള്ള വസ്തുവകകളിലേക്ക് പ്രവേശനം നഷ്ടപ്പെടാത്ത വിധത്തിൽ റാമ്പോ, മറ്റ് സൗകര്യങ്ങളോ ഒരുക്കണം.

- കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ പോകുന്നതിനുള്ള റാമ്പുകൾ വേണമെന്ന ഭൂവുടമകളുടെ ആവശ്യം പരിശോധിച്ച് സാധ്യമായ നടപടികൾ സ്വീകരിക്കുക.

- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്യവും യന്ത്ര സാമഗ്രി കളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർമ്മാണ മാലിന്യങ്ങൾ മൂലം കാന/കലുനിലെ ഒഴുക്ക് തടസ്സപ്പെട്ട് വെള്ളക്കെട്ടു ണ്ടാകുന്നുണ്ടെന്ന പരാതിയുടെ നിജ സ്ഥിതി പരിശോധിച്ച് വേണ്ട നടപടികൾ കൈകൊള്ളുക.

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യത യ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനി ക്കുന്നതിനുള്ള നയം
5. 2025 മാർച്ച് 12 തിയ്യതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 944 ൽ പ്രസിദ്ധപ്പെടുത്തിയ കോഴിക്കോട് ജില്ലാ കലക്ടറുടെ വിജ്ഞാപനം നമ്പർ DCKKD/10704/2024-B3.